(ബി) 1996-97-ൽ നികുതി വരുമാനമായി ലഭിച്ച തുകയിൽ നിന്നും 43.48 കോടിരൂപയും 97-98-ൽ 52.48 കോടിരൂപയും തദ്ദേശഭരണസ്ഥാപനങ്ങൾക്ക് റോഡ് വികസനത്തിനായി നൽകിയിട്ടുണ്ട്. ബാക്കിതുക പൊതു ഫണ്ടിലേക്ക് മുതൽകൂട്ടിയിട്ടുണ്ട്.

(സി) 1998-99 സാമ്പത്തികവർഷത്തിൽ മോട്ടോർ വാഹന നികുതിയിനത്തിൽ സ്വരൂപിച്ച തുകയിൽനിന്നും 50 കോടിരൂപ വെഹിക്കിൾ ടാക്സ് കോമ്പൻസേഷൻ ഇനത്തിൽ വിവിധ തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് നൽകിയിട്ടുണ്ട്.

(ഡി) മോട്ടോർ വാഹന നികുതിയിനത്തിൽ സ്വരൂപിക്കുന്ന തുകയുടെ നിശ്ചിത ശതമാനം റോഡുകളുടെ വികസനത്തിനും പുനരുദ്ധാരണത്തിനും വേണ്ടി തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് നൽകിവരുന്നുണ്ട്.

(ഇ) കാലതാമസം ഉണ്ടായിട്ടില്ല. 98-99 സാമ്പത്തികവർഷത്തെ ബജറ്റിൽ വകകൊള്ളിച്ചിരുന്ന 50 കോടിരൂപ 31-8-1998-ൽ വിതരണം ചെയ്തു. 1998-2000 ധനകാര്യ വർഷത്തെ ബഡ്ജറ്റിൽ വെഹിക്കിൾ ടാക്സ് കോമ്പൻസേഷൻ ഇനത്തിൽ ഉൾപ്പെടുത്തിയിട്ടുള്ള 55 കോടിരൂപ വിതരണം ചെയ്യുന്നതിനുള്ള നടപടി എടുത്തിട്ടുണ്ട്.

78 (3403) അമ്പലങ്ങൾക്ക് ഗ്രാന്റ്

ശ്രീ. സി.കെ. നാണു : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേവസ്വങ്ങൾക്കുള്ള സർക്കാർ ഗ്രാന്റ് നല്കുന്നതിന് ഇപ്പോൾ സ്വീകരിച്ചിരിക്കുന്ന മാനദണ്ഡം എന്താണ്;

(ബി) ക്ഷേത്ര ജീർണ്ണോദ്ധാരണത്തിനായി ചെറിയ തുക ഗ്രാന്റായി നല്കുന്നതിനുപകരം ഓരോ വർഷത്തെയും ആവശ്യം കണക്കാക്കി മൊത്തമായി ഗ്രാന്റ് നല്കുന്ന സംവിധാനം സ്വീകരിക്കുമോ?

ഉത്തരം

(എ) മലബാറിലെ ക്ഷേത്രങ്ങളുടെ ജീർണ്ണോദ്ധാരണം/അറ്റകുറ്റപ്പണികൾക്കായി സഹായധനം ആവശ്യമായ ക്ഷേത്രങ്ങളിൽനിന്ന് ഓരോ വർഷവും അപേക്ഷ ക്ഷണിക്കുകയും അപ്രകാരം ലഭിക്കുന്ന അപേക്ഷകളിൽ നിന്നും ധനസഹായത്തിനു അർഹതപ്പെട്ട ക്ഷേത്രങ്ങളെ തെരഞ്ഞെടുക്കുകയുമാണ് ചെയ്യുന്നത്. ദേവസ്വം മന്ത്രി ചെയർമാനായുള്ള ഗ്രാന്റു ഡിസ്ട്രിബ്യൂഷൻ കമ്മിറ്റിയാണ് ഈ തെരഞ്ഞെടുപ്പ് നടത്തുന്നത്. ഗ്രാന്റു തുക 3 ഗഡുക്കളായാണ് നല്കുന്നത്. നിശ്ചിത ബോണ്ട് ഹാജരാക്കുമ്പോൾ തുകയുടെ 30% വും പ്രസ്തുത തുക ചെലവഴിച്ചതിനുള്ള സർട്ടിഫിക്കറ്റ് ഹാജരാക്കുമ്പോൾ 60% വും പണി പൂർത്തിയാക്കി സർട്ടിഫിക്കറ്റ് ഹാജരാക്കിയാൽ അവസാന ഗഡുവായ 10%വും നല്കുന്നു.

(ബി) ഗ്രാന്റ് ലഭിക്കാൻ അപേക്ഷിക്കുന്ന ധാരാളം ക്ഷേത്രങ്ങൾ ഉള്ളതിനാൽ കൂടുതൽ ക്ഷേത്രങ്ങൾക്ക് പ്രയോജനം ലഭിക്കുമെന്നുള്ളതുകൊണ്ടാണ് ചെറിയ തുകയാണെങ്കിലും കഴിയുന്നത്ര ഓരോ ക്ഷേത്രത്തിനും നല്കിവരുന്നത്. തുക തീരുമാനിക്കുന്നത് ക്ഷേത്രത്തിന്റെ സാമ്പത്തികനിലയും അറ്റകുറ്റപ്പണിയുടെ ഏറ്റക്കുറച്ചിലും അടിസ്ഥാനമാക്കിയാണ്. ഓരോ

LIBRARY ARCHIVES Kerala Legislative Assembly

വർഷത്തേയും ആവശ്യം കണക്കാക്കി മൊത്തമായി ഗ്രാന്റ് നൽകുന്ന സംവിധാനം സ്വീകരിച്ചാൽ സർക്കാരിന് താങ്ങാൻ വയ്യാത്ത സാമ്പത്തിക ബാദ്ധ്യത ഉണ്ടാകും.

79 (3404) കൃഷിഫാമുകൾ

ശ്രീമതി റോസമ്മ ചാക്കോ :
ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. വി. ബാലറാം :
ശ്രീ. ജോർജ് ജെ. മാത്യു : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എത്ര കൃഷിഫാമുകളുണ്ട്; എവിടെയെല്ലാം; ഇതിൽ ഏതെല്ലാം കൃഷി ഫാമുകൾ ബന്ധപ്പെട്ട പഞ്ചായത്ത്രാജ് സ്ഥാപനങ്ങൾക്കോ നഗരപാലികാ സ്ഥാപനങ്ങൾക്കോ വിട്ടുകൊടുത്തു;

(ബി) പഞ്ചായത്ത്രാജ് സ്ഥാപനങ്ങൾക്കും നഗരപാലിക സ്ഥാപനങ്ങൾക്കും വിട്ടുകൊടുത്ത ഫാമുകളിൽ അവർ ഉല്പാദനം നടത്തുകയുണ്ടായോ;

(സി) എങ്കിൽ മുൻകാലത്ത് അപേക്ഷിച്ച ഈ ഫാമുകളിൽ എത്ര ഉല്പാദനം കൂട്ടാൻ കഴിഞ്ഞു എന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) 61 കൃഷിഫാമുകളുണ്ട്. ഇവയുടെ സ്ഥലവിവരം അനുബന്ധമായി ചേർക്കുന്നു.† ഇതിൽ 10 സ്പെഷ്യൽ ഫാമുകളൊഴികെ ബാക്കിയുള്ളവയെല്ലാം ജില്ലാ പഞ്ചായത്തുകളുടെ മേൽനോട്ടത്തിന് വിട്ടുകൊടുത്തിട്ടുണ്ട്.

(ബി) ഉണ്ടായി.

(സി) കാര്യമായ വർദ്ധനവ് ഒന്നും ഉണ്ടായതായി കാണുന്നില്ല.

80 (3405) കർഷകർക്ക് പെൻഷൻ നൽകുന്നതിനുള്ള പദ്ധതി

ശ്രീ. കെ.എ. ചന്ദ്രൻ :
ശ്രീ. പി.ജെ. ജോയി :
ശ്രീമതി ശോഭനാ ജോർജ് :
ശ്രീ. ഇ.എം. അഗസ്തി : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കർഷകർക്ക് പെൻഷൻ നൽകുന്നതിനുള്ള പദ്ധതിക്ക് ഗവൺമെന്റ് അനുമതി നൽകിയിട്ടുണ്ടോ;

(ബി) ഇതു സംബന്ധിച്ചുള്ള ചട്ടങ്ങൾ തയ്യാറായോ;

(സി) ഏതെല്ലാം കർഷകർക്കാണ് പെൻഷൻ നൽകാനുദ്ദേശിക്കുന്നത്;

(ഡി) ഇതുവരെ എത്ര കർഷകരിൽനിന്നും പെൻഷനുവേണ്ടി അപേക്ഷകൾ ലഭിച്ചു;

---

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly